പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 751** 29.09.2016- ൽ മറുപടിക്ക്

**<u>പൊതുമരാമത്ത് വകുപ്പ് കരാറുകാർക്ക് കൊടുത്തു തീർക്കാനുള്ള കുടിശ്ശിക</u>**

| **<u>ചോദ്യം</u>** | | **<u>മറുപടി</u>** | |
|---|---|---|---|
| | **ശ്രീ. യു. ആർ. പ്രദീപ്** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) | ഈ സർക്കാർ അധികാരത്തിൽ വരുന്ന സമയത്ത് പൊതുമരാമത്ത് വകുപ്പ് കരാറുകാർക്ക് കുടിശ്ശികയായി എത്ര കോടി രൂപ കൊടുത്തു തീർക്കാനുണ്ടായിരുന്നുവെന്ന് അറിയിക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വരുന്ന സമയത്ത് പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിൽ കരാറുകാർക്ക് പദ്ധതിയിനത്തിൽ 50,01,70,146/- രൂപയും പദ്ധതിയിതര ഇനത്തിൽ 7,03,865/- രൂപയും കുടിശ്ശിക നൽകാനുണ്ടായിരുന്നു. നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 627.53 കോടി രൂപയും, കെട്ടിട വിഭാഗത്തിൽ 252.49 കോടി രൂപയുമാണ് കരാറുകാർക്ക് കൊടുത്തു തീർക്കാനുണ്ടായിരുന്നത് (ആകെ 930.111 കോടി). |
| (ബി) | കരാറുകാരുടെ കുടിശ്ശിക തുക സമയബന്ധിതമായി കൊടുത്തു തീർക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ബി) | കരാറുകാരുടെ കുടിശ്ശിക കൊടുത്തു തീർക്കുന്നതിന് സർക്കാർ ബിൽ ഡിസ്കൗണ്ടിംഗ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ബില്ലുകളുടെ മുൻഗണനാക്രമത്തിൽ കഴിയുന്നത്ര വേഗത്തിൽ കുടിശ്ശിക കൊടുത്തു തീർക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. കഴിഞ്ഞ സർക്കാർ അനുമതി നൽകിയ എല്ലാ പണികളും ചെയ്തിരുന്നെങ്കിൽ കുടിശ്ശിക 5000 കോടിയോളം വരുമായിരുന്നു. പണി തുടങ്ങാൻ സാധിക്കാത്തതിനാൽ കുടിശ്ശിക കുറഞ്ഞു. ഈ സർക്കാർ കുടിശ്ശിക തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ